മനോഭാവവുമാണ് ഒരു പ്രധാന കാരണം. സേവന മനോഭാവത്തോടുകൂടിയേ അവിടെ പ്രവർത്തിക്കാൻ സാധിക്കൂ. നിർഭാഗ്യവശാൽ അവിടേക്ക് അയയ്ക്കുന്ന ഉദ്യോഗസ്ഥന്മാർ മറ്റൊരു മാനസികാവസ്ഥയുള്ളവരാണ്. മറ്റൊന്ന്, ആനുകൂല്യങ്ങൾ ലഭിക്കേണ്ടുന്ന ഈ ജനവിഭാഗം ഒരു പ്രത്യേക രീതിയിലുള്ളവരാണ്. ഭക്ഷ്യധാന്യങ്ങൾ വീട്ടിൽ എത്തിച്ചുകൊടുത്താൽ പോലും പാചകം ചെയ്ത് കഴിക്കാൻ അവർ വൈമനസ്യം കാട്ടുന്നു. അതുകൊണ്ട് ബോധവൽക്കരണവും വളരെ കമ്മിറ്റ്മെന്റോടുകൂടിയിട്ടുള്ള പ്രവർത്തനവും അവിടെ ആവശ്യമാണ്. അതിനുവേണ്ടിയാണ് എല്ലാപേരും കൂട്ടായി പ്രവർത്തിക്കേണ്ടത്. അവിടേക്ക് ആവശ്യത്തിന് ഉദ്യോഗസ്ഥരെ അയയ്ക്കാം, പുതിയ പോസ്റ്റുകൾ ഉണ്ടാക്കാം. പക്ഷേ അവിടെ ചെല്ലുന്നവരുടെ മനോഭാവവും ആത്മാർത്ഥതയും ഒരു പ്രധാന ഘടകമാണ്. അതുകൊണ്ട് പൊതുപ്രവർത്തകർക്കും ഉദ്യോഗസ്ഥർക്കും ഗവൺമെന്റിന്റെ നയപരിപാടികൾക്കും ഇതിൽ വലിയൊരു പങ്കുണ്ട്. ഇതു മൂന്നുംകൂടി ചേർന്നാലേ അട്ടപ്പാടി പോലുള്ള പ്രദേശങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. അതല്ലാതെ ഒരു ഉത്തരവ് പുറപ്പെടുവിച്ചതുകൊണ്ടോ ഒരു പദ്ധതി പ്രഖ്യാപിച്ചതുകൊണ്ടോ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയില്ല. നമുക്ക് ആവശ്യം ഒരു കൂട്ടായ്മയാണ്. അതിനു വേണ്ടിയാണ് നമ്മളെല്ലാവരും ശ്രമിക്കേണ്ടത് എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു

(ചോദ്യകർത്താക്കളാരും ചോദ്യം ഉന്നയിക്കാൻ തയ്യാറാകാതിരുന്നതിനാൽ ചോദ്യം നമ്പർ *32 സഭയിൽ എടുത്തില്ല.)

വ്യവസായ മേഖലകളിൽ ക്ലസ്റ്റർ ഡെവലപ്മെന്റ്

3 (*33) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ഇടത്തരം വ്യവസായ മേഖലകളിൽ ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളെന്തെല്ലാമാണ് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ,

(എ) ഉണ്ട്. കേന്ദ്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം എന്റർപ്രൈസസ് മന്ത്രാലയത്തിന്റെ മൈക്രോ സ്മാൾ എന്റർപ്രൈസ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോജക്ട് പ്രകാരമുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. സൂക്ഷ്മ ചെറുകിട വ്യവസായങ്ങളുടെ ശാക്തീകരണമാണ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാംകൊണ്ട് ഉദ്ദേശിക്കുന്നത്. ഗുണനിലവാര പരിശോധന, പരിശീലനം, പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ ആരംഭിക്കൽ, വിപണനം, പൊതുവായ ഒരു ബ്രാൻഡ് വികസിപ്പിക്കൽ, വായ്പകൾക്കുവേണ്ടി മൂച്ചൽ ക്രെഡിറ്റ് ഗ്യാരന്റി, അസംസ്കൃത സാധനങ്ങൾ വൻതോതിൽ ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ക്ലസ്റ്റർ വികസന പരിപാടിയുടെ ഭാഗമായി ലഭ്യമാക്കുന്നു.

(ബി) സാങ്കേതികവിദ്യാ പുരോഗതി, ഗുണമേന്മ, പ്രവർത്തന മികവ്, വിപണിയുടെയും മൂലധനത്തിന്റെയും സാദ്ധ്യതകൾ എന്നീ പൊതു വിഷയങ്ങൾ അഭിമുഖീകരിക്കുവാൻ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ സഹായിക്കുക, നിർദ്ദിഷ്ട സംരംഭങ്ങളുടെ വളർച്ചയും നിലനിൽപ്പും ഉറപ്പുവരുത്തുക, അനുബന്ധ സംരംഭങ്ങളുടെ കാലാനുസൃതമായ മാറ്റത്തിനും കൂട്ടായ പ്രവർത്തനത്തിനും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ പര്യാപ്തമാക്കുക, പുതിയതും നിലവിലുള്ളതുമായ വ്യവസായ മേഖലകൾക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ സംഘങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള അവസരങ്ങൾ മെച്ചപ്പെടുത്തുക, കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുക എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. പദ്ധതിത്തുകയുടെ 70 ശതമാനം കേന്ദ്രവും 20 ശതമാനം സംസ്ഥാനവും 10 ശതമാനം ക്ലസ്റ്ററുകളും വഹിക്കുന്നു.

(സി) സംസ്ഥാനത്തെ 14 ക്ലസ്റ്ററുകൾക്ക് കേന്ദ്ര സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അവയിൽ 8 പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ബാക്കി 6 പദ്ധതികൾ പൂർത്തിയായിവരുന്നു. മൂന്ന് പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്രമന്ത്രാലയത്തിന്റെ പരിഗണനയിലാണ്. 2014-15 കാലഘട്ടം വരെ 60 ക്ലസ്റ്ററുകൾ വ്യവസായ വാണിജ്യ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, രണ്ടുവർഷം മുൻപ് യു.പി.എ. ഗവൺമെന്റ് കോഴിക്കോട്, ഗുജറാത്ത്, ഹൈദ്രാബാദ്, പാട്ന, പഞ്ചാബ് എന്നിവിടങ്ങളിൽ ഫുട്‌വെയർ ഡിസൈൻ ആന്റ് ഡെവലപ്‌മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ തീരുമാനിച്ചു. എന്നാൽ സംസ്ഥാന സർക്കാർ ഈ സ്ഥാപനത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കാത്തതുകൊണ്ട് ആദ്യഘട്ടത്തിൽ അനുവദിച്ച 300 കോടി രൂപയിൽ 110 കോടി രൂപ ലാപ്സായി. മറ്റ് നാല് സംസ്ഥാനങ്ങളിൽ പദ്ധതി ആരംഭിച്ചു. കേന്ദ്രത്തിന്റെ Make in India പ്രോഗ്രാമിൽ ഇത്തരത്തിൽ 20 പദ്ധതികൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചു. ആയതിനാൽ ഈ പദ്ധതി സംസ്ഥാനത്ത് പുനരാരംഭിക്കാനുള്ള സാഹചര്യം ഇനിയും നിലനിൽക്കുന്നുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം വ്യക്തമാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഫണ്ട് പോരായ്മയുടെ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. Make in India പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ Make in Kerala എന്നൊരു പ്രോഗ്രാം വലിയ തോതിൽ നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഫിക്കി എറണാകുളത്ത് ഒരു വലിയ പ്രോഗ്രാം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ.... ഓർഡർ.... ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭാഗ്യക്കുറിയ്ക്ക് സേവന നികുതി

4 (* 32) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സാജു പോൾ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറിക്ക് സേവന നികുതി ഏർപ്പെടുത്തുന്നത് സംസ്ഥാന ലോട്ടറിയെ എത്രത്തോളം പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വ്യക്തമാക്കുമോ ;

(ബി) സേവന നികുതി ഏർപ്പെടുത്തുന്നതുമൂലം ടിക്കറ്റ് വില്പനയിൽ കുറവുണ്ടാകുമെന്നു ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ പ്രകടിപ്പിച്ച ആശങ്കകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;